LIBRARY ARCHIVES Kerala Legislative Assembly

കിളിമാന്നൂരിൽ സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

71 (4062) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റേതായി ഒരു കോളേജ് പോലുമില്ലാത്ത കിളിമാന്നൂർ കേന്ദ്രീകരിച്ച് ആർട്സ് & സയൻസ്/മാനേജ്മെന്റ്/സാങ്കേതിക കോഴ്സുകൾക്കായുള്ള ഏതെങ്കിലും സ്ഥാപനം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയാൽ ആരംഭിയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) സംസ്ഥാനത്തെ സഹകരണ ബാങ്കുകളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഒരു അനുബന്ധ കേന്ദ്രം കിളിമാന്നൂരിൽ ആരംഭിക്കുന്നതിനുള്ള പദ്ധതി സ്വീകരിയ്ക്കാമോ;വ്യക്തമാക്കാമോ;

(സി) ബാങ്കുകളുമായി സഹകരിച്ച് സഹകരണ മാനേജ്മെന്റ് വിഷയങ്ങൾക്കായുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കാമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) അപ്രകാരം പ്രവർത്തന മികവുള്ള സഹകരണ സ്ഥാപനങ്ങളിൽ നിന്നും നിർദ്ദേശം ലഭിച്ചാൽ പരിശോധിക്കുന്നതാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലെ അഴിമതി അവസാനിപ്പിക്കുവാൻ നടപടി

72 (4063) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസ് സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ നടന്നുവരുന്ന ധൂർത്തും അഴിമതിയും അവസാനിപ്പിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) അഴിമതി, മറ്റു ചട്ടവിരുദ്ധ പ്രവർത്തനങ്ങൾ എന്നിവ നടത്തുന്ന സംഘം ഭാരവാഹികൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാമോ;

(സി) ഇതു സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർക്കും താലൂക്ക്-ജില്ലാതല അധികാരികൾക്കും ലഭിക്കുന്ന പരാതികളിന്മേൽ സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കുവാനും സംഘം ഫണ്ട് അനാവശ്യമായി അനുമതിയില്ലാതെ ചെലവഴിക്കുന്നവർക്കെതിരെ സഹകരണ നിയമത്തിലെ സർച്ചാർജ് ഉൾപ്പെടെയുള്ള നിയമനടപടി സ്വീകരിക്കുന്നതിനും പ്രത്യേക നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നടപടി സ്വീകരിക്കാറുണ്ട്.

(ബി) അന്വേഷണം നടത്തുന്ന വേളകളിലോ, പരിശോധനയിലോ, ആഡിറ്റ് നടത്തുമ്പോഴോ, നിയമത്തിന് വിരുദ്ധമായ പ്രവർത്തനങ്ങൾ, അഴിമതി എന്നിവ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ കേരള സഹകരണ നിയമം, ചട്ടം അനുശാസിക്കുന്ന നടപടികൾ, ബന്ധപ്പെട്ട ഭാരവാഹികൾ, ജീവനക്കാർ എന്നിവർക്കെതിരെ സ്വീകരിക്കണമെന്ന നിർദ്ദേശം നിലവിലുണ്ട്.

(സി) നിർദ്ദേശം നിലവിലുണ്ട്. പരാതികളിന്മേൽ സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കുകയും കേരള സഹകരണ നിയമം വകുപ്പ് 65, 66 പ്രകാരമുള്ള അന്വേഷണം/പരിശോധന നടത്തുകയും ആവശ്യമാണെങ്കിൽ വകുപ്പ് 68 പ്രകാരമുള്ള സർച്ചാർജ് അടക്കമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ആയതിനാൽ പൊതുനിർദ്ദേശം നൽകേണ്ട ആവശ്യമില്ല.

കൊണ്ടോട്ടിയിലുള്ള കൺസ്യൂമർഫെഡ് സ്ഥാപനങ്ങൾ

73 (4064) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിലുള്ള കൺസ്യൂമർഫെഡിന്റെ ത്രിവേണി സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ, സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ എന്നിവയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ ;

(ബി) നീതി മെഡിക്കൽ സ്റ്റോർ എന്നാണ് അടച്ചത് എന്നും, ചെറിയൊരു തീപിടുത്തത്തിന്റെ പേരിൽ ഇത്രയും കാലം തുറക്കാത്തത് എന്തുകൊണ്ടെന്നും വിശദമാക്കുമോ ;

(സി) ഇത് എന്നത്തേക്ക് തുറന്ന് പ്രവർത്തിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറിന്റെ വണ്ടിയുടെ ഫിറ്റ്നസ്, അറ്റകുറ്റപ്പണി എന്നിവ എന്നത്തേക്ക് ശരിയാക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ;

(ഇ) ഈ മൂന്ന് സ്ഥാപനങ്ങളിലെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു ഉയർന്ന ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുമോ?

ഉത്തരം

(എ) അവലോകനം നടത്തിയിട്ടുണ്ട്.

(ബി) 30-3-2014-ൽ ആണ് സ്റ്റോർ അടച്ചത്. ഇൻഷ്വറൻസ് സംബന്ധമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ചതിനുശേഷം സ്റ്റോറിന്റെ പുനർ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിലുണ്ടായ കാലതാമസം നിമിത്തമാണ്.